## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5317 — 31/10/16-ൽ മറുപടിക്ക്

### അങ്കമാലി ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ.റോജി.എം. ജോൺ | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി ഫയർ സ്റ്റേഷൻ പരിധിയിൽ ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ; | എ) | അങ്കമാലി ഫയർ സ്റ്റേഷൻ പരിധിയിൽ അങ്കമാലി, നെടുമ്പാശ്ശേരി, കാലടി, കാഞ്ഞൂർ, ശ്രീമൂലനഗരം, മൂക്കന്നൂർ, തുറവൂർ, മഞ്ഞപ്ര, അയ്യൻപുഴ, മലയാറ്റൂർ, പാറക്കടവ്, കറുകുറ്റി, ചെങ്ങമനാട്, കുന്നുകര എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്. |
| ബി) | അങ്കമാലിയിലെ ഫയർ സ്റ്റേഷനിൽ 1994 മോഡൽ വാഹനവും പ്രവർത്തനക്ഷമമല്ലാത്ത ജീവൻ രക്ഷാ ഉപകരണങ്ങളുമാണ് ഉള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | ബി) | അങ്കമാലി നിലയത്തിൽ അഞ്ച് വാഹനങ്ങൾ നിലവിലുള്ളതിൽ ഒരു എമർജൻസി ടെണ്ടർ 1994 മോഡലിലുള്ളതാണ്. കൂടാതെ സ്റ്റേഷനിൽ ലഭ്യമായ ഉപകരണങ്ങളിൽ ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, റബ്ബർ ഡിങ്കി ആന്റ് എഞ്ചിൻ എന്നിവ പ്രവർത്തനക്ഷമമല്ല. |
| സി) | നിലവിൽ അങ്കമാലി ഫയർ സ്റ്റേഷനിൽ ലഭ്യമാക്കിയിട്ടുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ. | സി) | |

| | |
|---|---|
| ബ്രീത്തിംഗ് അപ്പാരറ്റസ് | 2 സെറ്റ് |
| ചെയിൻസാ | 2 എണ്ണം |
| ഫ്ളോട്ട് പമ്പ് | 1 |
| അമോണിയ സ്യൂട്ട് | 1 |
| ലൈഫ് ജാക്കറ്റ് | 13 എണ്ണം |
| ലൈഫ് ബോയ് | 17 എണ്ണം |
| ഇൻഫ്ളേറ്റബിൾ ടവർലൈറ്റ് | 1 എണ്ണം |
| സ്മോക്ക് എക്സ്ഹോസ്റ്റ് ബ്ലോവർ | 1 എണ്ണം |
| ലൈഫ് ഡിറ്റക്ടർ | 1 എണ്ണം |
| സീറോ ടോർക്ക് ബ്രാഞ്ച് | 3 എണ്ണം |

| | |
|---|---|
| അലുമിനിയം എക്സ്റ്റൻഷൻ ലാഡർ | 1 എണ്ണം |
| ഷിയേഴ്സ് | 1 |
| ഫയർ എക്സ്റ്റിംഗുഷർ | 8 എണ്ണം |
| ന്യൂമാറ്റിക് ജാക്സ് | 1 |
| എഫ്.എം.പി.ബി. | 2 എണ്ണം |

ഡി) അങ്കമാലി ഫയർസ്റ്റേഷന് പുതിയ വാഹനവും ജീവൻ രക്ഷാ ഉപകരണങ്ങളും നൽകുന്നതിനും മുങ്ങൽ വിദഗ്ധന്മാരുടെ സേവനം ലഭ്യമാക്കുന്നതിനും വേണ്ട അടിയന്തര നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഡി) 2016-17 സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച് 39 കോടി രൂപയുടെ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് അങ്കമാലി നിലയത്തിന്റെ കാര്യവും പരിഗണിക്കാവുന്നതാണ്.

സംസ്ഥാന അഗ്നിശമന സേനയിലെ ജീവനക്കാർക്ക് മുങ്ങൽ പരിശീലനം നൽകുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ